DWCD/2255/2023-E9

I/93012/2023

DWCD/2255/2023-E9

വനിത ശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
തീയതി :28-04-2023

<u>പരിപത്രം</u>

വിഷയം: വനിത ശിശുവികസന വകുപ്പ് – മാലിന്യമുക്ത കേരളം –സർക്കാർ ഓഫീസുകളിൽ /ക്ഷേമ സ്ഥാപനങ്ങളിൽ ശാസ്ത്രീയ മാലിന്യ സംസ്കരണം - മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതു സംബന്ധിച്ച്:-

മാലിന്യ മുക്ത കേരളമെന്ന ലക്ഷ്യം കൈവരിക്കാനായി രണ്ട് ഘട്ടങ്ങളിലായി നവ കേരളം വൃത്തിയുള്ള കേരളം ക്യാമ്പയിനിലൂടെ സംസ്ഥാനത്ത് ശുചീകരണ പ്രവർത്തനങ്ങൾ സർക്കാർ നടപ്പിലാക്കുകയാണ്. <u>ഒന്നാം ഘട്ടം 2023 മാർച്ച് 13 മുതൽ മെയ് 31</u> വരെയും <u>രണ്ടാം ഘട്ടം സെപ്റ്റംബർ 1 മുതൽ ഡിസംബർ 31</u> വരെയുമുള്ള സമഗ്ര പദ്ധതിയാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. ഉറവിട മാലിന്യ സംസ്കരണം, അജൈവ മാലിന്യങ്ങളുടെ വാതിൽപ്പടി ശേഖരണം, ഹരിതകർമ്മ സേനയുടെ സമ്പൂർണ്ണ വിന്യാസം, പൊതുസ്ഥലങ്ങൾ മാലിന്യമുക്തമാക്കൽ, ജലസ്രോതസ്സുകളുടെ ശുചീകരണം എന്നിവയാണ് ഈ കർമപദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ.

കേരളം ഇന്ന് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന മാലിന്യ പ്രതിസന്ധി നേരിടുന്നതിനായി കേരള സർക്കാരിന് കീഴിൽ വരുന്ന എല്ലാ വകുപ്പുകൾ/മിഷനുകൾ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ/പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങി എല്ലാ സർക്കാർ സ്ഥാപനങ്ങൾക്കും ശാസ്ത്രീയ മാലിന്യ സംസ്കരണം നടപ്പിലാക്കുന്നതിനും മാലിന്യത്തിന്റെ തോത് കുറച്ചു കൊണ്ട് മാതൃകകൾ സൃഷ്ടിക്കുന്നതിനുള്ള ഉത്തരവാദിത്വമുണ്ട്. ആയത് പ്രകാരം വനിത ശിശു വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ച് വരുന്ന വിവിധ കാര്യാലയങ്ങൾ/ ക്ഷേമ സ്ഥാപനങ്ങൾ ശാസ്ത്രീയ മാലിന്യ സംസ്കരണം നടപ്പിലാക്കുന്നതിന് എല്ലാ കാര്യാലയ മേധാവികളും ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. ശാസ്ത്രീയ മാലിന്യ പരിപാലനത്തിന് ഏറ്റവും അനുകരണീയ മാതൃക സൃഷ്ടിക്കുവാൻ വകുപ്പിലെ എല്ലാ കാര്യാലയങ്ങളിലെയും സ്ഥാപനങ്ങളിലെയും ജീവനക്കാർ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ഓഫീസും പരിസരവും മാലിന്യമുക്തമാക്കി സൂക്ഷിക്കുന്നതോടൊപ്പം ഓഫീസിന്റെ പൊതു ശുചിത്വം, ടോയിറ്റുകളുടെ വൃത്തി എന്നിവ ഉറപ്പാക്കുന്നതിനും അതോടൊപ്പം തന്നെ സൃഷ്ടിക്കപ്പെടുന്ന മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2. എല്ലാ ഓഫീസുകളിലും മാലിന്യം ഉറവിടത്തിൽ തന്നെ തരംതിരിച്ച് ജൈവ അജൈവമാലിന്യങ്ങൾ പ്രത്യേകം നിക്ഷേപിക്കുന്നതിനായി ബിന്നുകൾ സ്ഥാപിക്കേണ്ടതാണ്.

3. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് കമ്പോസ്റ്റിംഗ്/Bio Methanation ഉപകരണങ്ങൾ എല്ലാ ഓഫീസുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

4. വകുപ്പിലെ എല്ലാ ഓഫീസുകളും ക്ഷേമ സ്ഥാപനങ്ങളും 2023 മെയ് 15 ന് മുമ്പായി പൂർണ്ണമായും

വൃത്തിയാക്കുന്നതിന് കാര്യാലയ മേധാവികൾ നടപടി സ്വീകരിക്കേണ്ടതാണ്.

5. അജൈവമാലിന്യങ്ങൾ കൃത്യമായി തരംതിരിച്ച് ഹരിതകർമ്മസേനയ്ക്ക് എല്ലാ ആഴ്ച /മാസം കൈമാറേണ്ടതാണ്. ഉപയോഗ ശൂന്യമായ ഫർണിച്ചർ, ഇ മാലിന്യങ്ങൾ എന്നിവ അടിയന്തിരമായി കൈയൊഴിയാൻ നടപടി സ്വീകരിക്കേണ്ടതാണ്.

6. ഓഫീസുകളിൽ നിരോധിത പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുകയും പ്രസ്തുത വിഷയത്തിലുള്ള സർക്കാർ ചട്ടങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

7. നിരോധിത ഫ്ലക്സുകൾക്ക് പകരം തുണിയിൽ നിർമ്മിച്ചതോ അല്ലെങ്കിൽ പോളി എത്തിലീനിൽ നിർമ്മിച്ചതോ ആയ ബാനറുകൾ മാത്രം ഉപയോഗിക്കാവുന്നതാണ്.

8. എല്ലാ ഓഫീസുകളിലും സ്ഥാപനങ്ങളിലും പൂർണ്ണമായും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നുവെന്ന് സ്ഥാപനമേധാവി ഉറപ്പുവരുത്തേണ്ടതാണ്.

9. എല്ലാ ക്ലീനിംഗ് ജീവനക്കാർക്കും മാലിന്യം തരംതിരിക്കുന്നതിനും ജൈവമാലിന്യങ്ങൾ കമ്പോസ്റ്റാക്കുന്നതിനും ഹരിതചട്ടപാലനത്തിനുമായി ഖരമാലിന്യ പരിപാലന നിയമം 2016 ന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നിർദ്ദേശം/ പരിശീലനം എല്ലാ കാര്യാലയ മേധാവികളും നൽകേണ്ടതാണ്.

10. ശുചിത്വ-മാലിന്യ പ്രവർത്തനങ്ങൾ ഓഫീസിൽ ഏകോപിപ്പിക്കുന്നതിന് വേണ്ടി എല്ലാ ഓഫീസുകളിലും സ്ഥാപന/ഓഫീസ് മേധാവി ചെയർമാനായി ഒരു സമിതി രൂപീകരിക്കേണ്ടതും ഈ സമിതി എല്ലാ മാസവും മാലിന്യ പരിപാലനവും ശുചിത്വവും വിലയിരുത്തേണ്ടതാണ്.

11. ശുചിത്വ- മാലിന്യ സന്ദേശങ്ങൾ പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുള്ള പ്രത്യേക ബോർഡുകൾ എല്ലാ ഓഫീസുകളിലും സ്ഥാപിക്കേണ്ടതാണ്.

12. സ്ഥല സൗകര്യമുള്ള ഓഫീസുകളിൽ ജീവനക്കാരുടെ കൂട്ടായ്മയോടെ കമ്പോസ്റ്റ്/ ബയോഗ്യാസ് സ്ലറി എന്നിവ ഉപയോഗിച്ച് ജൈവ പച്ചക്കറി കൃഷി ചെയ്യാവുന്നതാണ്.

13. സർക്കാർ ജീവനക്കാർ എല്ലാവരും അവരവരുടെ വീടുകളിൽ മാലിന്യം തരംതിരിക്കുന്നുണ്ടെന്നും ജൈവമാലിന്യം കമ്പോസ്റ്റ് ചെയ്യുന്നുണ്ടെന്നും, അജൈവ മാലിന്യം ഹരിതകർമ്മസേനയ്ക്കോ തദ്ദേശസ്ഥാപനം ഏർപ്പാട് ചെയ്തിട്ടുള്ള സർവ്വീസ് പ്രൊവൈഡർമാർക്കോ യൂസർ ഫീസ് നൽകി കൈമാറി മാതൃകയാകേണ്ടതാണ്. മാത്രമല്ല മാലിന്യം വലിച്ചെറിയുകയോ കത്തിക്കുകയോ, ഒഴുക്കി വിടുകയോ ചെയ്യുന്നില്ലായെന്നും സ്വയം ഉറപ്പാക്കേണ്ടതാണ്.

14. എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമ്മാരും പ്രതിമാസം റിവ്യൂ മീറ്റിംങ്ങിൽ ഈ വിഷയം അജണ്ടയിൽ ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതും ആഫീസതല പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തേണ്ടതുമാണ്.

15. കീഴ് കര്യാലയങ്ങൾ സന്ദർശിക്കുമ്പോൾ ജില്ല വനിത ശിശു വികസന ഓഫീസർ/ പ്രോഗ്രാം ഓഫീസർമാർ ഓഫീസുകളുടെ പൊതു ശുചിത്വം പരിശോധിക്കേണ്ടതും നൽകിയിട്ടുള്ള പൊതു നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

16. കാര്യാലയ മേധാവികൾ സംഘടിപ്പിക്കുന്ന മീറ്റിംങ്ങുകൾ/ സെമിനാറുകൾ/ വർക്ക് ഷോപ്പുകൾ എന്നിവയിൽ ഹരിത ചട്ടം നിർബന്ധമായും പാലിക്കേണ്ടതാണ്.

മാലിന്യ മുക്ത കേരളമെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി വകുപ്പിനു കീഴിലെ എല്ലാ ഓഫീസുകളും സ്ഥാപനങ്ങളും നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ ശുചീകരിക്കുന്നതിനുവേണ്ട അടിയന്തിര നടപടി എല്ലാ കാര്യാലയ മേധാവികളും സ്വീകരിക്കേണ്ടതും ആയത് സമയബന്ധിതമായി പൂർത്തിയാക്കിയിട്ടുണ്ടെന്ന് ജില്ല വനിതശിശു വികസന ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതുമാണ്.

പ്രിയങ്ക ജി, IAS

**വനിത ശിശുവികസന ഡയറക്ടർ**

1. എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും
2. ഡയറക്ടറേറ്റിലെ എല്ലാ യൂണിറ്റ് ഓഫീസർമാർക്കും
3. ഡയറക്ടറുടെ സി.എ
4. ഫയൽ/ സ്റ്റോക്ക് ഫയൽ

Signed by Priyanka G
Date: 28-04-2023 17:11:12